Syro Malabar Commission for Liturgy



# പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണം (ശൂനായത്തിരുനാൾ)

''അമലോത്ഭവ ദൈവമാതാവ്, നിത്യകന്യകാമറിയം, ഈലോകജീവിതം അവസാനിപ്പിച്ച ശേഷം, ആത്മശരീരങ്ങളോടെ സ്വർഗ്ഗീയമഹത്ത്വത്തിലേയ്ക്കു ആരോപിതയായി''. 1951 നവംബർ ഒന്നാം തീയതി 12-ാം പീയൂസ് മാർപ്പാപ്പാ മാതാവിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞ വരികളാണ് മേലുദ്ധരിച്ചത്. 20-ാം നൂറ്റാണ്ടിൽ മാത്രമാണ് പരി. കത്തോലിക്കാസഭ ഇങ്ങനെയൊരു വിശ്വാസപ്രഖ്യാപനം നടത്തിയത് എന്നു കരുതി, മാതാവിന്റെ സ്വർഗാരോപണവും സ്വർഗാരോപണത്തിരുനാളും സഭയുടെ പുതിയ ഒരു 'കണ്ടുപിടുത്തമാണ് എന്ന തെറ്റിദ്ധാരണ ഉണ്ടാകേണ്ട ആവശ്യമില്ല. കാരണം, വലിയ പാരമ്പര്യവും പഴമയും അവകാശപ്പെടുന്നതാണ് മാതാവിന്റെ സ്വർഗാരോപണത്തിലുള്ള വിശ്വാസവും തിരുനാളും. 1951-ലുള്ള പ്രഖ്യാപനം വഴി ഈ വിശ്വാസവും പാരമ്പര്യവും ഊട്ടിയുറപ്പിക്കുകയായിരുന്നു 12-ാം പീയൂസ് മാർപ്പാപ്പാ.

## 1. തിരുനാളിന്റെ ചരിത്രം

5/6-ാം നൂറ്റാണ്ടുകൾക്കു മുമ്പ് പരി. കന്യകാമറിയത്തിന്റെ ജീവിതത്തിലെ ഓരോ സംഭവവും എടുത്ത് തിരുനാളായി ആഘോഷിക്കുന്ന പതിവില്ലായിരുന്നു. മറിച്ച്, ആരാധനക്രമവത്സരത്തിൽ ഒരേയൊരു മരിയൻ തിരുനാൾ മാത്രമാണുണ്ടായിരുന്നത്. ആ തിരുനാൾ മറിയത്തിന്റെ 'ഓർമത്തിരുനാൾ' എന്നാണ് അറിയപ്പെട്ടിരുന്നത്.

### a. മാതാവിന്റെ ഓർമത്തിരുനാൾ

ഈ തിരുനാൾ ക്രിസ്തുമസ്സിനുശേഷം വരുന്ന ഏതെങ്കിലും ദിവസങ്ങളിലാണ് ആഘോഷിച്ചിരുന്നത്. ദൈവപുത്രനായ ഈശോയ്ക്കു ജന്മം നൽകിയ പരി. അമ്മയുടെ ഓർമത്തിരുനാൾ ഈശോയുടെ ജന്മദിനത്തോടടുത്ത് അനുസ്മരിക്കുന്നത് എന്തുകൊണ്ടും അർത്ഥവത്താണല്ലോ. ഏറ്റവും പുരാതനമായ മരിയൻ തിരുനാളാണിത്.

പരി. കന്യകാമറിയത്തിന്റെ മാതൃത്വത്തെ അനുസ്മരിക്കുന്ന അതിപുരാതനമായ ഈ ഓർമത്തിരുനാളിനു മറ്റൊരു പ്രത്യേകത കൂടിയുണ്ട്. മാതാവിന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളും ഈ ഓർമത്തിരുനാളിൽ അനുസ്മരിച്ചിരുന്നു എന്നത് പ്രാധാന്യമർഹിക്കുന്നു. പറുദീസായിലേക്കുള്ള പരി. കന്യകാമറിയത്തിന്റെ മഹത്ത്വത്തോടെയുള്ള പ്രവേശനവും ഈ ഓർമത്തിരുനാളിൽ അനുസ്മരിക്കപ്പെട്ടിരുന്നു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

### b. സ്വർഗാരോപണത്തിരുനാൾ

ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് മാതാവിന്റെ പറുദീസാപ്രവേശന(സ്വർഗാരോപണ)ത്തിരുനാൾ ഓഗസ്റ്റ് 15-ാം തീയതി ആഗോളസഭയിൽ ഔദ്യോഗികമായി ആഘോഷിക്കപ്പെടുവാൻ തുടങ്ങിയത്. ആറാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ജറുസലേം ഭരിച്ചിരുന്ന ചക്രവർത്തിയായ മൗറിസാണ് തന്റെ സാമ്രാജ്യത്തിൽ ഓഗസ്റ്റ് 15-ാം തീയതി ഈ തിരുനാൾ ആഘോഷിക്കപ്പെടണം എന്ന് പ്രഖ്യാപിച്ചത്.

## 2. മാതാവിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള വിശ്വാസം

മാതാവിന്റെ സ്വർഗാരോപണത്തെക്കുറിച്ച് വി. ഗ്രന്ഥത്തിൽ ഒരിടത്തും യാതൊരു സൂചനയുമില്ല. എങ്കിലും സഭയുടെ ആദ്യ കാലഘട്ടത്തിൽ തന്നെ മറിയത്തിന്റെ സ്വർഗാരോപണത്തിലുള്ള വിശ്വാസം ശക്തമായിരുന്നു എന്നു തെളിയിക്കുന്നതാണ് വലിയ സുറിയാനി പിതാവായ മാർ അപ്രേമിന്റെ ഒരു ഗീതം. ഈ ഗീതത്തിൽ മറിയം പറയുക

യാണ്: '' മറിയം പറഞ്ഞു: ഞാൻ എടുത്തിരുന്ന കുഞ്ഞുതന്നെ എന്നെയും വഹിച്ചു; അവൻ തന്റെ ചിറകുകൾ വിരിച്ച് എന്നെ ഉയർത്തി, തന്റെ ചിറകുകൾക്കിടയിൽ വച്ച് വായുവിലൂടെ എന്നെ സംവഹിച്ചു.'' മാർ അപ്രേമിന്റെ ഈ ഗീതം മറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള സൂചനയാണു നൽകുന്നത്. എന്നാൽ ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത് അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽനിന്നാണ്.

അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി മാതാവിന്റെ പറുദീസാപ്രവേശനത്തെക്കുറിച്ച് അനേകം അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ പ്രചരിക്കുകയുണ്ടായി. ഇവയിൽ പലതും സുറിയാനിയിലാണ് എഴുതപ്പെട്ടത് എന്നത് വളരെ ശ്രദ്ധേയമാണ്. അഞ്ചാം നൂറ്റാണ്ടിൽ രൂപപ്പെട്ട ഈ ഗ്രന്ഥങ്ങൾ 3–4 നൂറ്റാണ്ടുകളിൽ ഗ്രീക്കിൽ എഴുതപ്പെട്ട, എന്നാൽ നഷ്ടപ്പെട്ടുപോയ കയ്യെഴുത്തുപ്രതികളോടു ബന്ധപ്പെട്ടതോ, അവയുടെ തന്നെ പകർപ്പുകളോ ആണെന്ന് അവകാശപ്പെടുന്ന അനേകം നിരീക്ഷകരുണ്ട്.

ഈ കയ്യെഴുത്തുപ്രതികളിൽ ശ്രദ്ധേയമായ ഒന്നാണ് ''അരിമത്തിയാക്കാരൻ ജോസഫിന്റെ അപ്പോക്രിഫ''. മറിയത്തിന്റെ മരണത്തെക്കുറിച്ചും പറുദീസാപ്രവേശനത്തെക്കുറിച്ചും ഉള്ള ഗ്രന്ഥമാണിത്. ഇതിലെ പ്രതിപാദ്യം ഇങ്ങനെയാണ്:

മാതാവിന്റെ മരണത്തിനു മൂന്നു ദിവസം മുമ്പ് ഒരു മാലാഖ പ്രത്യക്ഷപ്പെടുകയും മാതാവിന്റെ മരണത്തക്കുറിച്ചുള്ള വാർത്ത അറിയിക്കുകയും ചെയ്തു. തന്റെ മരണത്തിനു മുമ്പ് ഈശോയുടെ ശിഷ്യന്മാരെ എല്ലാവരെയും കാണണമെന്ന് പരി. മറിയം ആഗ്രഹിച്ചു. തോമ്മാശ്ലീഹാ ഒഴിച്ച് എല്ലാവരും മാതാവിന്റെ മരണക്കിടക്കക്കരുകിൽ എത്തുകയും അവളുടെ ദിവ്യമരണം ദർശിക്കുകയും ചെയ്തു. വളരെ വേദനയോടും മഹത്ത്വത്തോടും കൂടി ശിഷ്യന്മാർ മാതാവിന്റെ ദിവ്യശരീരം കുഴിമാടത്തിൽ സംസ്കരിച്ചു. അപ്പോൾ അവിടെ വലിയ ഒരു പ്രകാശമുണ്ടാവുകയും ശിഷ്യന്മാരുടെ കണ്ണുകൾ മറയ്ക്കപ്പെടുകയും ചെയ്തു. ആ പ്രകാശപ്രഭയിൽ മാലാഖാമാർ മാതാവിന്റെ ദിവ്യശരീരം പറുദീസായിലേയ്ക്കു കൊണ്ടുപോയി.

ഈ സമയത്താണ് ഇന്ത്യയിൽ നിന്ന് തോമ്മാശ്ലീഹാ മാതാവിനെ കാണുവാൻ വരുന്നത്. മാലാഖാമാർ തോമ്മാശ്ലീഹായെ ഒലിവുമലയുടെ മുകളിൽ കൊണ്ടുപോവുകയും മാതാവ് പറുദീസായിലേയ്ക്കു പോകുന്നത് കാണിക്കുകയും ചെയ്തു. ''ഓ, പരി. മറിയമേ, ഞാൻ വലിയ മഹിമ കണ്ടിരിക്കുന്നു, നീ പറുദീസായിലേയ്ക്കു പോകുന്നതിനാൽ, നിന്റെ വലിയ കൃപാകടാക്ഷം നീ എന്നിൽ ചൊരിയണമേ'' എന്ന് തോമ്മാശ്ലീഹാ മാതാവിനോടു പ്രാർത്ഥിച്ചു. അപ്പോൾ മാതാവ് തോമ്മാശ്ലീഹായെ നോക്കുകയും തന്റെ സൂനാറ (അരയിൽ കെട്ടുന്ന ചരട്) അദ്ദേഹത്തിനു നൽകുകയും ചെയ്തു.

പിന്നീട് തോമ്മാശ്ലീഹാ ശിഷ്യന്മാരുടെ അടുക്കൽ എത്തി. മാതാവിന്റെ കബറിടം എവിടെയെന്നും അതു തുറന്നു കാണണമെന്നും വാശിപിടിക്കുകയും ചെയ്തു. കബറിടം തുറന്നപ്പോൾ വലിയ അത്ഭുതം മറ്റു ശിഷ്യന്മാരും തിരിച്ചറിഞ്ഞു. അപ്പോൾ, സംഭവിച്ചതെല്ലാം തോമ്മാശ്ലീഹാ മറ്റു ശിഷ്യന്മാരോടു പറഞ്ഞു. എല്ലാവരും മാതാവിന്റെ പറുദീസാപ്രവേശനത്തിൽ വിശ്വസിക്കുകയും ചെയ്തു.

### 3. തിരുനാളിനു മൂന്നു ശീർഷകങ്ങൾ

മൂന്നു പ്രധാനപ്പെട്ട വാക്കുകളാണ് മാതാവിന്റെ പറുദീസാപ്രവേശനത്തിരുനാളിനോട് അനുബന്ധിച്ചുള്ളത്. ഗ്രീക്കു പാരമ്പര്യത്തിൽ ഈ തിരുനാളിനെ മാതാവിന്റെ 'ഉറക്കം' (ഇംഗ്ലീഷിൽ dormition എന്നും ഗ്രീക്കിൽ koimesis എന്നുമാണ് പറയുന്നത്) എന്നാണു വിശേഷിപ്പിക്കുന്നത്. സുറിയാനിയിൽ ഈ തിരുനാൾ 'ശൂനായത്തിരുനാൾ' എന്ന് അറിയപ്പെടുന്നു. 'ശൂനായ' എന്നാൽ 'മാറ്റം' എന്നാണ് അർത്ഥം. ഈ ഭൂമിയിൽ നിന്നു പറുദീസായിലേയ്ക്കുള്ള മാതാവിന്റെ 'സ്ഥലംമാറ്റം' എന്നാണ് ഈ സുറിയാനിവാക്ക് അർത്ഥമാക്കുന്നത്. ലത്തീൻ സഭയിൽ ഇതിനെ "*adsumtio*', അതായത് സ്വർഗ

ാരോപണം എന്നാണ് വിളിക്കുന്നത്. ഇങ്ങനെ ഗ്രീക്ക്, സുറിയാനി, ലത്തീൻ സഭാപാരമ്പര്യങ്ങളിൽ വ്യത്യസ്തമായ പേരുകളിലാണ് ഈ തിരുനാൾ അറിയപ്പെടുന്നതെങ്കിലും ഇവ എല്ലാത്തിന്റെയും ദൈവശാസ്ത്ര വ്യാഖ്യാനം ഒന്നു തന്നെയാണ്. ഈശോയുടെ അമ്മയായ പരി. കന്യകാമറിയം ഈ ലോകത്തിലെ വാസത്തിനുശേഷം പറുദീസായാകുന്ന സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു എന്നു തന്നെയാണ് ഈ മൂന്നു പാരമ്പര്യങ്ങളും വിശ്വസിക്കുന്നതും ഉദ്ഘോഷിക്കുന്നതും.

തയ്യാറാക്കിയത്,
റവ. ഫാ. ജേക്കബ് കിഴക്കേവീട്
ചങ്ങനാശേരി
15-08-2021

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്
Read more: wwwsyromalabarliturgy.org

